LIBRARY ARCHIVES Kerala Legislative Assembly

ലാന്റ് റവന്യൂ വകുപ്പിലെ തസ്തികകൾ

13 [3183] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലാന്റ് റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ, ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫീസർ, യു.ഡി. ക്ളാർക്ക് എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് ജില്ല തിരിച്ചും ആസ്ഥാന ഓഫീസുകൾ തിരിച്ചുമുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ പ്രൊമോഷൻ വഴി നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാന്റ് റവന്യൂ വകുപ്പിൽ എത്ര എൽ.ഡി.സി.-മാരെ പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ട്;

(ഡി) എൽ.ഡി.സി.-മാരുടെ എത്ര ഒഴിവുകൾ ലാന്റ് റവന്യൂ വകുപ്പിൽ ഇപ്പോൾ നിലവിലുണ്ട്; ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. റാങ്കുലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള ഒഴിവുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 1999 എൽ. ഡി. സി.-മാരെ പി. എസ്. സി. മുഖേന നിയമിച്ചിട്ടുണ്ട്.

(ഡി) എൽ. ഡി. സി.-മാരുടെ 472 ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്. ഈ തസ്തികകളിൽ പി. എസ്. സി. റാങ്കുലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

വരുമാന പരിധി സർട്ടിഫിക്കറ്റിന്റെ പ്രാബല്യം

14 [T3184] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് ഉദ്യോഗ നിയമനത്തിൽ സംവരണം ലഭിക്കുന്നതിനുള്ള വരുമാനപരിധി എത്രയാണ്;

(ബി) വരുമാന പരിധി നിശ്ചയിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.